I/431112/2023

ഭരണഭാഷ – മാതൃഭാഷ

**വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം**

മൂന്നാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695033

ഫോൺ: 0471-2302722, ഇ-മെയിൽ : industriesdirectorate@gmail.com

നം: DIC/2778/2023-HC-H തീയതി: 24-11-2023

വ്യവസായ വാണിജ്യ ഡയറക്ടർ

ജനറൽ മാനേജർ,

ജില്ലാ വ്യവസായ കേന്ദ്രം,

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,

ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം,

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്,

വയനാട്, കണ്ണൂർ, കാസറഗോഡ്

അസിസ്റ്റന്റ് ഡയറക്ടർ

O/o ഡവലപ്മെന്റ് കമ്മിഷണർ (ഹാൻഡി ക്രാഫ്റ്റ്സ്)

ഹാൻഡി ക്രാഫ്റ്റ്സ് സർവീസ് സെന്റർ

വാട്ടർ വർക്ക്സ് കോമ്പൗണ്ട്

വെള്ളയമ്പലം, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ

കെൽപാം

കൊറ്റാമം, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ

കരകൗശല വികസന കോർപ്പറേഷൻ

പുത്തൻചന്ത, തിരുവനന്തപുരം

I/431112/2023

മാനേജിംഗ് ഡയറക്ടർ

കാഡ്‌കോ, തിരുവനന്തപുരം

സെക്രട്ടറി

കരകൗശല അപ്പെക്സ് സഹകരണ സംഘം

മണപ്പാട്ടിപ്പറമ്പ്, കലൂർ

എറണാകുളം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കെ ബിപ്പ്

തിരുവനന്തപുരം

സർ,

**വിഷയം:-** വ്യവസായം - കരകൗശലം - **<u>സംസ്ഥാന കരകൗശല അവാർഡ് - 2023</u>** അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്

**സൂചന:-** 05.11.2009 തീയതിയിലെ GO (Rt) No. 1414/2009/ID എന്ന നമ്പർ സർക്കാർ ഉത്തരവ്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിലെ കരകൗശല വിദഗ്ധരെ ആദരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള സംസ്ഥാന കരകൗശല അവാർഡ് 2023-ലേയ്ക്കുളള അപേക്ഷകൾ ക്ഷണിയ്ക്കുന്നു. ഇത് സംബന്ധിക്കുന്ന വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) നാഷണൽ അവാർഡ്, നാഷണൽ മെറിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച കലാരൂപങ്ങൾ സംസ്ഥാന അവാർഡിന് പരിഗണിക്കുന്നതല്ല.

2) ഒരിക്കൽ ദേശീയ/സംസ്ഥാന അവാർഡ്, ദേശീയ/സംസ്ഥാന മെറിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച വ്യക്തികൾക്ക് സംസ്ഥാന അവാർഡിന് മത്സരിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ദേശീയ/സംസ്ഥാന അവാർഡ്, ദേശീയ/സംസ്ഥാന മെറിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച കലാരൂപങ്ങൾ സംസ്ഥാന അവാർഡിനായി സമർപ്പിക്കാൻ പാടില്ലാത്തതുമാകുന്നു. ഇത്

സംബന്ധിച്ച സത്യവാങ്മൂലം ജില്ലാവ്യവസായകേന്ദ്രം , ജനറൽ മാനേജർ പരിശോധിച്ച് ശിപാർശ സമർപ്പിക്കേണ്ടതാണ്.

3) കലാരൂപത്തിന്റെ നിർമ്മാണം ആരംഭിച്ച ഘട്ടം മുതൽ നിർമ്മാണം അവസാനിക്കുന്ന ഘട്ടം വരെ 4 വിവിധ ഘട്ടത്തിലെ ഫോട്ടോകൾ അപേക്ഷകൻ ജില്ലാതലത്തിലെയും സംസ്ഥാനതലത്തിലെയും സെലക്ഷൻ കമ്മിറ്റി മുമ്പാകെ യഥാവിധി സമർപ്പിച്ചിരിക്കണം.

4) സർക്കാർ ഉത്തരവിലെ ഖണ്ഡിക 9.3 പ്രകാരം ജില്ലാതല സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ പാനൽ ലിസ്റ്റ് 9.12.൨൦൨൩ നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

5) **അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച പരസ്യം 10/12/2023-ന നൽകേണ്ടതും, പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം 31/01/2024-ന് മുൻപ് സ്വീകരിക്കേണ്ടതും, ശിൽപ്പ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജർ നേരിട്ട് പരിശോധിച്ച് വിശദമായ റിപ്പോർട്ട്, സാക്ഷ്യപത്രം/അഫിഡവിറ്റ് സഹിതം പ്രസ്തുത അപേക്ഷകൾ 28/02/2024-ന് നടക്കുന്ന ജില്ലാതല സെലക്ഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. 15/03/2024-ന് ജില്ലാതല സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്ത അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. സംസ്ഥാനതല സെലക്ഷൻ കമ്മിറ്റി 30/04/2024- ന് യോഗം ചേർന്ന് അവാർഡ് നിർണയം നടത്തുന്നതുമാണ്. ഈ ദിവസങ്ങൾ അവധിയായി വരികയാണെങ്കിൽ തൊട്ടടുത്ത ദിവസം തെരഞ്ഞെടുക്കേണ്ടതാണ്.**

6) ഡവലപ്മെന്റ് കമ്മീഷണർ (ഹാൻഡി ക്രാഫ്റ്റ്സ്), എച്ച്.ഡി.സി.കെ, കെൽപാം, സുരഭി, കാഡ്കോ തുടങ്ങിയ സ്ഥാപനങ്ങൾ അവർക്ക് ലഭിയ്ക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് 31/01/2024-ന് മുൻപ് എത്തിച്ച് കൊടുക്കേണ്ടതുമാണ്.

7) താഴെപ്പറയുന്ന 7 വിഭാഗങ്ങളിലായാണ് അപേക്ഷകൾ സ്വീകരിക്കേണ്ടത്.

1) ദാരു ശിൽപ്പങ്ങൾ

2) പ്രകൃതി ദത്ത നാരുകളിൽ തീർത്ത ശിൽപ്പങ്ങൾ

3) ചൂരൽ, മുള എന്നിവയിൽ തീർത്ത ശിൽപ്പങ്ങൾ

4) ചരട്, നാട, കസവ് ഇവ ഉപയോഗിച്ചുളള ചിത്രത്തുന്നൽ

5) ലോഹ ശിൽപ്പങ്ങൾ

6) ചിരട്ട ഉപയോഗിച്ച് നിർമ്മിച്ച ശിൽപ്പങ്ങൾ

7) വിവിധ വസ്തുക്കളിൽ നിർമ്മിച്ച കലാരൂപങ്ങൾ (മുകളിൽ ഉൾപ്പെടാത്തവ)

മേല്പറഞ്ഞ ഓരോ വിഭാഗത്തിലും തങ്ങളുടെ ജില്ലയിൽ നിന്നും പരമാവധി മത്സരാർഹമായ അപേക്ഷകൾ ലഭ്യമാക്കുവാൻ ജില്ലാ/താലൂക്ക് ബ്ലോക്ക് തല ഉദ്യോഗസ്ഥരുടെ പരമാവധി പരിശ്രമം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ ഉറപ്പ് വരുത്തേണ്ടതാണ്. അപ്രകാരം ലഭിയ്ക്കുന്ന അപേക്ഷകൾ തെറ്റുകൾ തിരുത്തി യഥാവിധി യഥാസമയം വ്യവസായ വാണിജ്യ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

8) മേല്പറഞ്ഞ ഓരോ വിഭാഗത്തിലും ഓരോ സംസ്ഥാന അവാർഡ് ജേതാവിനേയും സംസ്ഥാന മെറിറ്റ് സർട്ടിഫിക്കറ്റ് ജേതാവിനേയും തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നതാണ്. സംസ്ഥാന അവാർഡ് ജേതാവിന് 50,000/- രൂപയും ശിൽപ്പവും അംഗ വസ്ത്രവും ലഭിയ്ക്കുന്നതാണ്. സംസ്ഥാന മെറിറ്റ് സർട്ടിഫിക്കറ്റ് ജേതാവിന് 10,000/- രൂപയും മെറിറ്റ് സർട്ടിഫിക്കറ്റും ലഭിയ്ക്കും.

9) സംസ്ഥാനതല അവാർഡ് 2023-ന്റെ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിശദമായ വാർത്ത പത്ര/ദൃശ്യ മാധ്യമങ്ങൾ വഴി 2023 ഡിസംബർ മാസത്തിൽത്തന്നെ പരസ്യപ്പെടുത്തേണ്ടതും, സെമിനാറുകൾ മറ്റ് ഏജൻസികൾ വഴി ഈ വിവരം പരമാവധി ജനങ്ങളിലേക്ക് എത്തിക്കേണ്ടതുമാണ്. സംസ്ഥാനത്തെ എല്ലാ കരകൗശല വിദഗ്ധർക്കും സംസ്ഥാന കരകൗശല അവാർഡിന് മത്സരിക്കാനുള്ള അവസരമൊരുക്കാൻ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല സെലക്ഷൻ കമ്മിറ്റി കൂടി ശിപാർശ ചെയ്ത് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ മാത്രമേ സംസ്ഥാനതല അവാർഡ് നിർണയ

I/431112/2023

സമിതിയുടെ മൂല്യനിർണയത്തിനായി പരിഗണിക്കുകയുള്ളൂ.

അപേക്ഷയുടെ മാതൃകയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. സംസ്ഥാന കരകൗശല അവാർഡ് 2023-ലേയ്ക്കുള്ള അപേക്ഷകൾ യഥാവിധി സ്വീകരിച്ച് വ്യവസായ വാണിജ്യ ഡയറക്ടർക്ക് യഥാസമയം സമർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Kripakumar K S
Date: 24-11-2023 10:39:11

ADDITIONAL DIRECTOR

വ്യവസായ വാണിജ്യ ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം:- മേല്പറഞ്ഞവ

-1-

20[76

GOVERNMENT OF KERALA

Abstract

Industries Department – Handicrafts Development Corporation of Kerala Ltd. , Thiruvananthapuram – Introduction of State Awards to the outstanding craft person of Kerala – Sanction accorded - Orders issued.

Industries (E) Department

G.O.(Rt) No. 1414/09/ID. Dated, Thiruvananthapuram, 05.11.2009

Read:- Lr. No. HC/H/2850/2009/ dtd. 30.09.2009 from Director of Industries & Commerce, Thiruvananthapuram.

## ORDER

Director, Industries & Commerce had submitted a proposal to Govt. to institute State Awards for the craft men of Kerala in recognition of their outstanding contribution, craftsman ship and development of crafts every year in similar tones with the scheme introduced by the Govt, of India.

Government examined the proposal in detail and are pleased to accord sanction to institute State Awards for the craftsmen of Kerala in recognition of their outstanding contribution, craftsmanship and development of crafts every year in similar tones with the scheme introduced by the Government of India. Proposal for State Awards for craftsmen of Kerala is appended here with.

BY ORDER OF THE GOVERNOR,

P. VIJAYAKUMARI
Under Secretary to Govt.

To

The Director of Industries & Commerce, Thiruvananthapuram
The Managing Director, ~~Handicrafts Development Corporation of Kerala Ltd.~~ Thiruvananthapuram.
The Managing Director, Kerala Artisans' Development Corporation Ltd., Thiruvananthapuram .
The Secretary, SURABHI, Ernakulam.
The Finance Department / Planning & Economic Affairs Department
S/F, O/C.

Copy to:- PS to Minister (Industries)
PA to Principal Secretary (Industries)

Forwarded/ By order

Section Officer

-3-

## PROPOSAL FOR STATE AWARDS FOR CRAFTSMEN OF KERALA

### 1. BACKGROUND

The National Awards for craftsmen were first instituted by the All India Handicrafts Board under the Government of India in 1965 to give recognition to craftsmen of outstanding merit. Government of India is conferring 40 National Awards and 40 National Merit Certificates to outstanding craftsmen every year. It has been the long cherished ambition of the Craftsmen of Kerala to receive State Awards for Craftsmen for their outstanding work in order to enable them to enjoy the benefits and privileges being extended to all Craftsmen by the Government of India.

### 2. OBJECTIVE

The objective of the scheme of State Awards is to give recognition to Master Craftsmen who have made outstanding contribution in terms of excellence of craftsmanship and development of crafts. The award is to serve an incentive to such craftsman to continue their pursuit as well as an example to others who may strive to receive the same.

### 3. Eligibility

3.1 All Craftsmen residing in Kerala for more than 10 years are eligible to compete for the State Award.

3.2 A Craft person shall be eligible for a State award or state Merit Certificate in a given craft only once in his/her life time.

3.3 Any Craft person who has previously been won the State award/awarded a Merit Certificate shall not be eligible for being awarded another award/State Merit Certificate in the same craft. However the existing Merit Certificate holders shall be eligible for applying for State Award.

## 4. The Award contents

There shall be 7 State Awards and 7 State Level Merit Certificates. Each State Awards shall consist of a cash prize of Rs. 10,000/- , a brass plaque and an angavastram. Each State Level Merit Certificate shall consist of, besides a certificate, a cash prize of Rs. 2,500/-

## 5. SCOPE

Then State Award shall be open to all craftsmen residing in Kerala and shall be made on the basis of State Level selection. The Awards shall be given to the Craftsmen for their outstanding work in the following:

**Major Crafts**

1. Wood craft
2. Natural fibre
3. Cane and Bamboo
4. Lace and Embroidery
5. Metal ware
6. Coconut shell based handicrafts
7. Miscellaneous crafts (items not included above)

## 6. CRITERIA FOR SELECTION

The following may be the main criteria which may be kept in view for selection of craftsmen.

a. Excellence of craftsmanship (This can be judged from samples received as entries and / or from photographs and other evidences which may be produced)
b. Contribution of the Craftsman for development of crafts in terms of training other crafts persons.
c. Related achievements(This may be judged from Bio-data and other materials submitted by the craftsman/sponsoring organization)
d. Special consideration may also be given while selecting the craftsman and the crafts to the following.

i) If the craft practised is a languishing craft.

ii) If there has been a noteworthy effort in terms of reviving a languishing craft by way of product diversification or application to contemporary use.

iii) Design innovation by the craftsman.

## 7. PROCEDURE FOR SUBMISSION OF ENTRIES

The crafts persons of Kerala may submit their entries to the District Industries Centres concerned. In addition to the above, to ensure quality and competitiveness, the State Level Selection Committee may accept for consideration entries recommended by:

i) The Regional design and Technical Centre
ii) State Design Centres
iii) The office of the Development Commissioner (Handicrafts) of the concerned region.
iv) The Handicraft Development Corporation Kerala
v) Surabhi

## 8. The Selection Procedure

The selection procedure for selecting the items for State Award will be through a 2 tier procedure.

8.1 The first stage selection would be at the District Level.

8.2 In the second stage of Selection Process the handicraft entries recommended by various District Level Selection Committee/other agencies mentioned in para would be next screened by the State Level Selection Committee for final selection of the items for the State Award/Merit Certificate.

## 9. Selection Committee

9.1 There shall be a State Level Selection Committee for final selection of the items for State Awards from amongst the items recommended by the District Level Selection Committee/other agencies. Thus the selection of the entries for handicrafts will be as follows.

9.2 The process of selection shall first start at the district level. The General Manager of all District Industries Centres shall initiate the process by getting it propagated among the concerned. The final selection of the entries form the handicrafts shall be made by the State Selection committee constituted at the State Level. The State Selection Committee shall receive entries from the District Level Selection Committee /other agencies as mentioned in para.

9.3. **District Level Selection Committee shall consist of the following:**

| | | |
|---|---|---|
| i) | General Manager, District Industries Centre | Chairman |
| ii) | Faculty Representative of District Fine Arts College | Member |
| iii) | 2 Non Officials from Handicrafts sector to be Nominated by DI&C | Member |

9.4. **State Level Selection Committee shall consist of the following:**

| | | |
|---|---|---|
| i) | The Principal Secretary to Government, Industries Department | - Chairman |
| ii) | Director of Industries and Commerce | - Convener |
| iii) | Deputy Director/Asst. Director, office of the DC(H) | - Member |
| iv) | Managing Director, State Handicrafts Development Corporation | Member |
| v) | President of the Surabhi | Member |
| vi) | Faculty Member from Fine Arts College nominated - by Govt. | - Member |
| vii) | Two non officials representing voluntary organizations and individuals with experience in arts and crafts nominated by the Govt. | - Members |

10. **TIME SCHEDULE FOR SELECTION PROCESS FOR EVERY YEAR**

| | | |
|---|---|---|
| a. | Advertisement/Press Release in Newspaper by | - By 10th December |
| b. | Issuing of circulars by DI&C to the District Industries Centres, Field Offices, Corporation, societies and related Offices | - By10th December |
| c. | Last date for submission of entries | - By 31st January |
| d. | Last date for receiving recommendation for other agencies (see para 7) | - By 31st January |
| d. | Selection meetings at District Level | - By 28th February |
| e. | Submission of selected entries along with affidavit and duly filled application with recommendations of the District Level Selection Committee to the Directorate of Industries and Commerce, Thiruvananthapuram. | - By 15th March |
| f. | Selection by the State Level Selection Committee | - By 30th April |

## 11. CONFERRING OF STATE AWARDS

The State Awards and State Level Merit Certificates shall be awarded to the Master Craftsmen/Crafts persons every year in a function to be arranged for the purpose.

Director of Industries and Commerce.

# <u>സംസ്ഥാന കരകൗശല അവാർഡ് –2023</u>

## <u>അപേക്ഷ ഫോറം</u>

<table>
<tr><td>1</td><td>ജില്ല</td><td></td><td rowspan="2">പാസ് പോർട്ട് സൈസ് ഫോട്ടോ ജനറൽ മാനേജർ സാക്ഷ്യപ്പെടു-ത്തേണ്ടതാണ്</td></tr>
<tr><td>2</td><td>ശിപാർശ ചെയ്യുന്ന ഏജൻസി</td><td></td></tr>
<tr><td>3</td><td>മത്സരാർത്ഥികളുടെ പൂർണ്ണമായ പേരും മേൽ വിലാസവും (മൊബൈൽ നമ്പർ സഹിതം) ഇ-മെയിൽ ഉണ്ടെങ്കിൽ ചേർക്കേണ്ടതാണ്</td><td colspan="2"></td></tr>
<tr><td>4</td><td>അമ്മയുടെ/അച്ഛന്റെ/പങ്കാളിയുടെ പേര്</td><td colspan="2"></td></tr>
<tr><td>5</td><td>ജനന തീയതി:<br>വയസ് : (2023 ജനുവരി 1 പ്രകാരം)</td><td colspan="2"></td></tr>
<tr><td>6</td><td>ഏതു വിഭാഗം കൈത്തൊഴിലിൽ ആണ് വ്യാപരിക്കുന്നത്</td><td colspan="2"></td></tr>
<tr><td>7</td><td>ഈ രംഗത്ത് എത്ര വർഷത്തെ പരിചയമുണ്ട് (2023 ജനുവരി 1 പ്രകാരം)</td><td colspan="2"></td></tr>
</table>

| | | |
|---|---|---|
| 8 | കരകൗശല വസ്തുക്കളുടെ വികസനത്തിനും അതിന്റെ സങ്കേതികതയ്ക്കും നൽകിയിട്ടുള്ള സംഭാവനയെക്കുറിച്ചുള്ള ഹ്രസ്വ വിവരണം | |
| 9 | കരകൗശല രംഗത്ത് നടത്തിയിട്ടുള്ള മികച്ച സൃഷ്ടികളുടെ വിശദാംശങ്ങൾ | |
| 10 | കരകൗശല മേഖലയിൽ പരിശീലനം നൽകിയിട്ടുണ്ട് എങ്കിൽ അതിന്റെ വിശദാംശങ്ങൾ | |
| 11 | മത്സരാർത്ഥിയ്ക്ക് സംസ്ഥാന അവാർഡ്/ ദേശീയ മെറിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ (അവാർഡിന്റെ പേര്, ലഭിച്ച വർഷം) | |

| | | |
|---|---|---|
| 12 | തന്റെ കഴിവ് പ്രകടിപ്പിക്കുന്നതിന് പങ്കെടുത്ത പ്രധാന പ്രദർശന മേളകളുടെ വിശദാംശങ്ങൾ | |
| 13 | കരകൗശല വിദഗ്ദ്ധ/വിദഗ്ദ്ധൻ എന്ന നിലയിൽ ഓരോ മാസവും ലഭിക്കുന്ന വരുമാനം (ഏകദേശ വിവരം) | |
| 14 | കലാസൃഷ്ടി സംബന്ധിച്ച് പത്ര മാധ്യമങ്ങളിൽ വിവരം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ വിവരം | |
| 15 | അവാർഡിന് പരിഗണിക്കുന്നതിനായി സമർപ്പിക്കുന്ന കലാ സൃഷ്ടിയുടെ നിർമ്മാണത്തിന്റെ വിവിധ (നാല് ഘട്ടങ്ങൾ) അവസ്ഥകളിലെ ഫോട്ടോകൾ (8”x10” വലിപ്പത്തിലുള്ളവ) | |
| 16 | മേൽ കലാസൃഷ്ടിയുടെ ഉദ്ദേശിക്കുന്ന വിപണന മൂല്യം | |
| 17 | കരകൗശല മേഖലയിലെ കഴിവിനോ/മേഖലയ്ക്ക് | |

| | | |
|---|---|---|
| | നൽകിയ സംഭാവനയ്ക്കോ അറിയപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്ന്/ കരകൗശല വിദഗ്ദ്ധരായ വ്യക്തികളിൽ നിന്ന് അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിവരം | |
| 18 | തന്റെ കഴിവ് / കലാസൃഷ്ടി സംബന്ധിച്ച മറ്റു വിവരങ്ങൾ (മുകളിൽ ചേർക്കാത്തവ) | |
| 19 | സംസ്ഥാന അവാർഡിന് സമർപ്പിക്കുന്ന കലാരൂപം പൂർത്തിയാക്കുന്നതിന് എടുത്ത കാലയളവ് | |
| 20 | അവാർഡിന് സമർപ്പിക്കുന്ന കലാരൂപം സംബന്ധിച്ച ഒരു ചുരുക്ക വിവരണം | |
| 21 | അവാർഡിന് സമർപ്പിക്കുന്ന കലാരൂപം പൂർണ്ണമായും അപേക്ഷകൻ തന്നെ നിർമ്മിച്ചതാണോ അതോ മറ്റ് കരകൗശല വിദഗ്ദ്ധരിൽ നിന്ന് സഹായം സ്വീകരിച്ചു നിർമ്മിച്ചതാണോ? | |
| 22 | സഹായം സ്വീകരിച്ചിട്ടുണ്ട് | |

| | | |
|---|---|---|
| | എങ്കിൽ അതിന്റെ വിശദാംശം | |

**<u>സാക്ഷ്യപത്രം</u>**

ഞാൻ ശ്രീമതി/ശ്രീ ........................................................................................................ ഈ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണ് എന്നും ഇതോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകൾ ആധികാരികമാണെന്നും മത്സരത്തിനായി സമർപ്പിക്കുന്ന കലാരൂപം ഞാൻ സ്വന്തമായി നിർമ്മിച്ചതാണ് എന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം: മത്സരാർത്ഥിയുടെ ഒപ്പ്:

തീയതി: പേര്:

ഫോൺ നമ്പർ:

അപേക്ഷയിൽ നൽകിയിട്ടുള്ള വിശദാംശങ്ങളും അതോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളും വ്യക്തമായി പരിശോധിച്ച് അതിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണ് എന്നും മത്സരാർത്ഥി ഒരു യഥാർത്ഥ കരകൗശല വിദഗ്ദ്ധ/വിദഗ്ദ്ധൻ ആണ് എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

പരിശോധിച്ച ഉദ്യോഗസ്ഥന്റെ ഒപ്പ്:

പേര്:

ഉദ്യോഗപ്പേര് :

സ്ഥലം: ജനറൽ മാനേജർ :

തീയതി: ഒപ്പ്:

(ഓഫീസ് സീൽ)

കുറിപ്പ്:-

- അപൂർണ്ണവും  അവ്യക്തവുമായ അപേക്ഷകൾ അറിയിപ്പില്ലാതെ തന്നെ നിരസിക്കുന്നതാണ്.
- അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.

## <u>സത്യവാങ്മൂലം</u>

(കലാരൂപം അവാർഡിനായി സമർപ്പിക്കുന്നതോടൊപ്പം  ഹാജരാക്കേണ്ടതാണ്.)

..........................................................................................................ജില്ലയിൽ

.........................................എന്ന

മേൽവിലാസത്തിൽ താമസിക്കുന്ന, ..........................................................................

എന്ന ആളുടെ

മകൻ/മകൾ/ഭർത്താവ്/ഭാര്യ ആയ ഞാൻ താഴെപ്പറയും പ്രകാരം ബോധിപ്പിക്കുന്നു.

1. ഞാൻ .........................................................ഉപയോഗിച്ചുള്ള കരകൗശല നിർമ്മാണം കഴിഞ്ഞ .................... വർഷങ്ങളായി നടത്തി വരുന്നുണ്ട്.

2. മത്സരത്തിനായി ഞാൻ സമർപ്പിക്കുന്ന കലാരൂപം ഞാൻ സ്വന്തമായി നിർമ്മിച്ചിതാണ്. ഇതിന്റെ നിർമ്മാണത്തിനായി ഞാൻ മറ്റാരുടെയും യാതൊരുവിധ സഹായവും സ്വീകരിച്ചിട്ടില്ല.
3. ഞാൻ സമർപ്പിക്കുന്ന കലാരൂപം ഔദ്യോഗിക തലത്തിൽ കൈകാര്യം ചെയ്യുമ്പോൾ മന:പൂർവ്വമല്ലാതെയോ, അവിചാരിതമായോ, അലംഭാവത്താലോ, അല്ലാത്ത കാരണത്താലോ ഏതെങ്കിലും കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഞാൻ തന്നെ ഏറ്റെടുക്കുന്നതായിരിക്കും.
4. ഞാൻ സമർപ്പിച്ചിട്ടുള്ള വസ്തുതകൾ ഏതെങ്കിലും തെറ്റായിരുന്നു എന്ന് തെളിയിക്കപ്പെട്ടാൽ നിയമപരമായ നടപടികൾ നേരിടാൻ ഞാൻ തയ്യാറാണ്.

മത്സരാർത്ഥിയുടെ പേര് :

മേൽവിലാസം :

ഒപ്പ് ( തീയതി ഉൾപ്പെടെ)

## <u>സംസ്ഥാന കരകൗശല അവാർഡ് – 2023</u>

## **അപേക്ഷയോടൊപ്പം പ്രത്യേകം സമർപ്പിക്കേണ്ട പ്രൊഫോർമ**

1) മത്സരാർത്ഥിയുടെ പേര് :

2) അമ്മയുടെ/അച്ഛന്റെ/പങ്കാളിയുടെ പേര് :

3) പൂർണ്ണമായ മേൽ വിലാസം ( പിൻകോഡ് ഉൾപ്പെടെ) :

4) ഫോൺ നമ്പർ/ഇ-മെയിൽ വിലാസം :

5) മത്സരാർത്ഥിയ്ക്ക് തൊഴിൽ മേഖലയിലുള്ള പരിചയം :

6) ഇന്ത്യയ്ക്ക് അകത്ത്/വിദേശത്ത് കരകൗശല മേളകളിൽ പങ്കെടുത്തിട്ടുണ്ടോ, വിശദാംശം :

7) കരകൗശല മേഖലയ്ക്ക് ആകെ നൽകിയ സംഭാവനകൾ :

8) അവാർഡിന് സമർപ്പിക്കുന്ന കലാരൂപത്തിന്റെ വിവരം (ഒരു വരിയിൽ) :

( കലാരൂപത്തിന്റെ വിശദമായ വിവരണം - ഒരു പേജിൽ ഉൾക്കൊള്ളുന്ന വിധം പ്രത്യേകം പേപ്പറിൽ മലയാളത്തിൽ ടൈപ്പ് ചെയ്ത് അപേക്ഷയോയൊപ്പം സമർപ്പിക്കേണ്ടതാണ്)

മത്സരാർത്ഥിയുടെ ഒപ്പ്/-

# <u>സംസ്ഥാന കരകൗശല അവാർഡ് – 2023</u>

സമർപ്പിക്കേണ്ട രേഖകൾ

1. പൂർണമായും പൂരിപ്പിച്ച അപേക്ഷ ( ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശിപാർശ ചെയ്തത്)
2. ബയോഡേറ്റ
3. അഫിഡവിറ്റ്
4. തിരിച്ചറിയൽ കാർഡ് (വോട്ടേഴ്സ്/ആധാർ കാർഡ്)
5. ക്രാഫ്റ്റ്സ് മാൻ ID കാർഡ്
6. അപേക്ഷകന്റെ പരിശീലന പരിചയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ (ഉണ്ടെങ്കിൽ)
7. കരകൗശല മേഖലയിൽ പരിശീലനം നൽകുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച
   രേഖകളുടെ പകർപ്പുകൾ (ഉണ്ടെങ്കിൽ)
8. സംസ്ഥാന കരകൗശല മേഖലയുടെ വികസനത്തിന് നൽകിയിട്ടുള്ള സംഭാവനകൾ സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ (ഉണ്ടെങ്കിൽ)
9. കരകൗശല മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ (ഉണ്ടെങ്കിൽ)
10. കരകൗശല മേഖലയിൽ അന്യം നിന്നു പോകുന്ന കലാ രൂപങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നു വെങ്കിൽ ആയതു സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ
11. അവാർഡിന് സമർപ്പിക്കുന്ന കലാരൂപത്തിന്റെ വിവിധ (നാല്) ഘട്ടങ്ങളുടെ ഫോട്ടോഗ്രാഫ്